**Desabhimani**
**30 August 2018**
**Kochi;After Flood,Restore Records**

# നനഞ്ഞരേഖകൾ പൂർവസ്ഥിതിയിലാക്കാൻ ഹിൽപാലസിലെ സെന്റർ ഫോർ ഹെറിറ്റേജ് സ്റ്റഡീസ്

**കൊച്ചി**

പ്രളയത്തിൽ ആധാരം, സർട്ടിഫിക്കറ്റ് തുടങ്ങിയ രേഖകൾ നനഞ്ഞു നശിച്ചിട്ടുണ്ടെങ്കിൽ നന്നാക്കി തരാൻ തൃപ്പൂണിത്തുറ സെന്റർ ഫോർ ഹെറിറ്റേജ് സ്റ്റഡീസ് തയ്യാർ. തൃപ്പൂണിത്തുറ ഹിൽപാലസിൽ ബുധനാഴ്ച ഇതിനായി സെന്റർ ഫോർ ഹെറിറ്റേജ് സ്റ്റഡീസ് വകുപ്പ് ക്ലിനിക് സംഘടിപ്പിച്ചു. ക്ലിനിക്കിൽ 325 നനഞ്ഞ രേഖകളാണ് ലഭിച്ചത്. പ്രളയബാധിതർ നേരിട്ടാണ് ഇവ ക്ലിനിക്കിലെത്തിച്ചത്. കൂടുതലും ആധാരങ്ങളായിരുന്നു.

രണ്ടാഴ്ചത്തെ സമയപരിധിയിൽ രേഖകൾ ഉടമകൾക്ക് പൂർവസ്ഥിതിയിലാക്കി നൽകാനാണ് സെന്റർ ഫോർ ഹെറിറ്റേജ് സ്റ്റഡീസിന്റെ ശ്രമം. ഈ രംഗത്തെ വിദഗ്ധരുടെയും വിദ്യാർഥികളുടെയും നേതൃത്വത്തിലാണ് രേഖകൾ പൂർവസ്ഥിതിയിലാക്കുന്നത്. വെള്ളിയാഴ്ച മുതൽ നനഞ്ഞ രേഖകൾ നന്നാക്കുന്ന പ്രവർത്തനം ആരംഭിക്കും. സാധാരണ, ഒരു രേഖ ഇത്തരത്തിൽ നന്നാക്കിയെടുക്കുന്നതിന് 75 രൂപയോളം ചെലവ് വരും.

നനഞ്ഞ രേഖകളുമായി എത്തുന്നവർ വെയിലത്തുവച്ച് ഉണക്കരുതെന്ന നിർദ്ദേശവും സെന്റർ ഫോർ ഹെറിറ്റേജ് സ്റ്റഡീസ് മുന്നോട്ട് വയ്ക്കുന്നുണ്ട്. ഇത്തരത്തിൽ ഉണക്കിയാൽ രേഖ പൂർവസ്ഥിതിയിലാക്കാൻ കഴിയില്ലെന്നാണ് കണ്ടെത്തൽ. എന്നാൽ ചൂടുകാറ്റിലോ ഫാനിന്റെ കാറ്റിലോ ഉണക്കുന്നത് ഗുണകരമായിരിക്കും. വിവരങ്ങൾക്ക് ഫോൺ: 94473 10397, 0484 2776374.